കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2399 /2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

തീയതി : 01.02.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2399/2018

തീയതി: 01.02.2019

## തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.05.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ സാജൻലാൽ എസ്.ജെ. ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2018 മുതൽ 30.10.2018 വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജയകുമാരി കെ.ആർ. (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി .ആശ ജി. ആർ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി. ബിന്ദുലത. ബി.പി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി. അനിഷ എസ്.ബി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. ഷിംജി ജി., ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ജി.എസ്.ശ്രീകല, 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.എസ്.പ്രേം, 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.രാജേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ, | ശ്രീമതി.ലതിക | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഫാത്തിമബീവി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.വർഷിത ഗുണസെൽവി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മനോജ്.ജി.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.എസ്.സുനിത | 01.04.2017 മുതൽ 06.06.2017 വരെ |
| | ഡോ. ഇന്ദുലേഖ | 07.06.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.താഹിറബീവി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (നോർത്ത്) | ശ്രീമതി.സംഗീത | 01.04.2017 മുതൽ 26.06.2017 വരെ |
| | ശ്രീമതി.സ്മിത | 27.06.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (വെസ്റ്റ്) | ശ്രീമതി.റീന | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഹരിപ്രിയ ദേവി | 01.04.2017 മുതൽ 10.10.2017 വരെ |
| | ശ്രീ. മെൽവിൻ ജോസ് | 11.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശശികല | 01.04.2017 മുതൽ 04.12.2017 വരെ |
| | ശ്രീമതി. ശിവാംബിക | 05.12.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എ. റഹ്മത്തുള്ള | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - **1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | 2.1ബജറ്റ് രൂപീകരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 2-1 | |
| 14 | വസ്തുനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-2 | |
| 15 | ഷോപ്പിംഗ് കോംപ്ലക്സിൽനിന്നുള്ള വാടക-പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുവാൻ നടപടിസ്വീകരിക്കേണ്ടതാണ്. | 2-3 | |
| 16 | തൊഴിൽ നികുതി -രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കേണ്ടതും നികുതി വരവ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 | |
| 17 | ഡി& ഒ ലൈസൻസ്- ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 2-5 | |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ് | 2-6 | |
| 19 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-7 | |
| 20 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-8 | |
| | ഭാഗം-3 | | |
| 21 | വഴിവിളക്ക് പരിപാലനം-അപാകതകൾ | 3-1 | |

| | | | |
|---|---|---|---|
| 22 | തനതു ഫണ്ടുപയോഗിച്ച് എൽ.സി.ഡി.പ്രോജക്ടർ വാങ്ങി സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക ക്ലബിൽ സ്ഥാപിച്ചു. | 3-2 | |
| 23 | കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 3-3 | |
| 24 | ടെണ്ടർ സേവിംഗ്സ് | 3-4 | |
| 25 | അനുവദനീയമായതിലും അധിക അളവുകളും അധിക ചെലവുണ്ടാകുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയും പ്രവൃത്തി നിർവഹിച്ചു. 13367 രൂപ നിരാകരിക്കുന്നു. | 3-5 | |
| 26 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വാങ്ങൽ– നടപടികളിൽ ക്രമക്കേട്-1,16,098/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 | |
| 27 | പത്താം തരം തുല്യതാ പരീക്ഷ- വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല- 25900/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 28 | നിക്ഷേപ പ്രവർത്തി- (കേരള വാട്ടർ അതോറിറ്റി)- അപാകതകൾ | 3-8 | |
| 29 | വായ്പാ ബന്ധിത പ്രോജക്ടുകൾക്ക് നടപടിക്രമങ്ങൾ പാലിക്കാതെ സബ്സിഡി തുക അനുവദിച്ച് നല്കി- വികസനഫണ്ടിൽ പിൻവലിച്ച തുക തിരികെ അടക്കേണ്ടതാണ് | 3-9 | |
| 30 | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം വിവിധ സമിതികളിൽ തീരുമാനമെടുക്കാതെ പ്രോജക്ടുകൾ നടപ്പാക്കി | 3-10 | |
| 31 | ജീവിതശൈലീരോഗനിയന്ത്രണം- പദ്ധതിലക്ഷ്യംകണ്ടില്ല | 3-11 | |
| 32 | പാലിയേറ്റീവ്കെയർ–ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-12 | |
| 33 | നോൺ അവൈബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങി | 3-13 | |
| 34 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി – അവലോകനം | 3-14 | |
| 35 | ആശ്രയ-പ്രവർത്തന വിലയിരുത്തൽ | 3-15 | |
| 36 | ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ – മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-16 | |
| | ഭാഗം - 4 | | |

| | | | |
|---|---|---|---|
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 44 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.3.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 19,33,45,184/- രൂപ വരവും 19,24,08,500/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 10,56,60,977/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 9,58,36,679/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 07.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018, 23.06.2018 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.3/1472 /2018 തീയതി 02.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 14104593.00 |
| വരവ് | : | 91556384.00 |

| | | |
|---|---|---|
| ആകെ | : | 105660977.00 |
| ചെലവ് | : | 95836679.00 |
| നീക്കിയിരിപ്പ് | : | 9824298.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17845866 | 17845866 | 17845866 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 0 | 13135921 | 13135921 | 13135921 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14840835 | 14840835 | 14840835 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4474880 | 4474880 | 4474880 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9652372 | 9652372 | 9652372 | 0 | 100% |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 3022028 | 3022028 | 3022028 | 0 | 100% |
| എസ്.ബി.ഐ. എം.എൻ.ആർ. ഇ.ജി.എസ് | 133192 | 2075331 | 2208523 | 2054754 | 153769 | 93% |
| ബി ഫണ്ട് | 0 | 507000 | 507000 | 507000 | 0 | 100% |
| റ്റി.എസ്.ബി. | 778980 | 12538700 | 13317680 | 14303670 | -985990 | |
| എസ്.ബി.ഐ. ബഡ്സ് | 2506065 | 875467 | 3381532 | 295516 | 3086016 | 8% |
| ആന്ധ്രാ ബാങ്ക് സാക്ഷരത | 11748 | 449 | 12197 | 30 | 12167 | 0% |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 25512 | 1119 | 26631 | 0 | 26631 | 0% |
| ഡി.സി.ബി. | 10519722 | 12201776 | 22721498 | 15574433 | 7147065 | 69% |
| ഇ പേയ്മെന്റ് | 0 | 48875 | 48875 | 0 | 48875 | 0% |
| ക്യാഷ് | 129374 | 335765 | 445139 | 129374 | 335765 | 29% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 4237050 | 6 | 1438807 | | 3 | 67% |
| 2 | ഐ.സി.ഡി.എസ്. | 13 | 6020500 | 12 | 5265110 | - | 1 | 92% |
| 3 | എ.ഇ. | 112 | 35381227 | 84 | 23891990 | | 28 | 75% |
| 4 | വി.ഇ.ഒ. വെസ്റ്റ് | 3 | 968000 | 3 | 817000 | | - | 100% |
| 5 | വി.ഇ.ഒ. നോർത്ത് | 4 | 4200000 | 3 | 3450000 | - | 1 | 75% |
| 6 | വെറ്ററിനറി സർജൻ | 8 | 5008000 | 7 | 2482590 | | 1 | 88% |
| 7 | അസി. സെക്രട്ടറി | 14 | 11164800 | 9 | 9472307 | 3 | 2 | 64% |
| 8 | സെക്രട്ടറി | 28 | 19840370 | 19 | 11725000 | | 9 | 68% |
| 9 | എം.ഒ. ഹോമിയോ | 3 | 140000 | 3 | 139750 | - | - | 100% |
| 10 | എം.ഒ. ആയു. | 8 | 2028000 | 8 | 2015535 | - | - | 100% |
| 11 | എച്ച്.എം. | 4 | 1390000 | 3 | 642929 | | 1 | 75% |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 4882500 | 3 | 3076000 | - | - | 100% |
| 13 | എം.ഒ.പി.എച്ച്.സി | 5 | 2150000 | 5 | 1954341 | - | - | 100% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 133192 | 2075331 | 2208523 | 2054754 | 153769 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 160080024 | 160080024 | 160080024 | 0 |
| ആകെ | 133192 | 162155355 | 162288547 | 162134778 | 153769 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 237000 | 408 |
| കർഷക തൊഴിലാളി പെൻഷൻ | 2923500 | 993 |
| വിധവാപെൻഷൻ | 17076000 | 5629 |
| വാർദ്ധക്യകാല പെൻഷൻ | 28824300 | 8479 |
| വികലാംഗ പെൻഷൻ | 4791300 | 1452 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |
| 50 വയസ്സിന് മുകളില്ലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 496900 | 152 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2018 ഉച്ചക്ക് 2.30 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7810/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

**i)** പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | 10.7.18 മുതൽ പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടിയതായി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട് |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |

| | | |
|---|---|---|
| 4 | റെക്കോർഡ് റൂം പരിപാലനം | തൃപ്തികരമല്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആകെ വരവിന്റെ വിവരം ലഭ്യമല്ല |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

**ii)** സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ).

പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06 /2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 1/2017-18 22.10.18 ) മറുപടിയായി അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സേവനങ്ങളുടെ വിവരം | സമയപരിധി | 2017-18 വർഷം ലഭിച്ച അപേക്ഷ കൾ | സമയ പരിധിക്കു ള്ളിൽ തീർപ്പാക്കി യവ | തീർപ്പാ ക്കൽ % |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (1969 -ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | (1) ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ടു ലഭിക്കുന്ന ദിവസം (ആശുപത്രി, കിയോസ്ക് സൗകര്യം ഉളള സ്ഥലങ്ങളിൽ മാത്രം) 2) മറ്റുളളവ 7 പ്രവൃത്തി ദിവസം | Nil | Nil | - |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 7പ്രവൃത്തി ദിവസം (അനുമതി ലഭ്യമാക്കേണ്ട അപേക്ഷകളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭ്യമായതിനുശേഷം 7 പ്രവൃത്തി ദിവസം) | 15 | 15 | 100 |
| 3 | മരണ രജിസ്ട്രേഷൻ (1969 -ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം (ആശുപത്രി, കിയോസ്ക് സൗകര്യം ഉളള സ്ഥലങ്ങളിൽ മാത്രം) (1) വീട്ടിലും സ്ഥാപനങ്ങളിലും വച്ചുളള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം. (2) ആശുപത്രിയിൽ വച്ച നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന | 222 | 222 | 100 |

| | | | | | |
|---|---|---|---|---|---|
| | | ദിവസം | | | |
| 4 | ജനനം/മരണം താമസിച്ച രജിസ്റ്റർ ചെയ്യൽ (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 34 | 34 | 100 |
| 5 | ജനന/മരണ സർട്ടിഫിക്കറ്റ് | (1) 12ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം<br>(2) മറ്റുള്ളവ 7 പ്രവൃത്തി ദിവസം | 188<br>159 | 188<br>159 | 100 |
| 6 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | NIL | | |
| 7 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം/ചട്ടങ്ങൾക്ക് വിധേയമായി) | 30 പ്രവൃത്തി ദിവസം | NIL | | |
| 8 | വിവാഹ രജിസ്ട്രേഷൻ (1955-ലെ ഹിന്ദു, വിവാഹ ആക്ട്/1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം | NIL | | |
| 9 | വിവാഹം താമസിച്ച രജിസ്റ്റർ ചെയ്യൽ<br>30 ദിവസത്തിന് ശേഷമുള്ളവ (1955-ലെ ഹിന്ദു വിവാഹ ആക്ട്/1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ | അനുമതി ലഭിച്ച് 15 പ്രവൃത്തി ദിവസം | Nil | | |
| 10 | വിവാഹ സർട്ടിഫിക്കറ്റ് (1955-ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | NIL | | |
| 11 | വിവാഹ രജിസ്ട്രേഷൻ (2008 -ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷൻ) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 6 | 6 | 100 |
| 12 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 45 ദിവസം | 125 | 125 | 100 |
| 13 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | 4325 | 4325 | 100 |
| 14 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | 3250 | 3250 | 100 |
| 15 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ | (1) മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ | 23 | 15 | 65 |

| | | | | | |
|---|---|---|---|---|---|
| | ആരംഭിക്കുന്നതിനുള്ള ലൈസൻസ് | സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം<br>(2) ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | | | |
| 16 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | (1) മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം<br>(2) ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ / വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | 399 | 362 | 90 |

**iii)** പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിലെ ഭരണമിതി അധികാരത്തിൽ വന്നതിന് ശേഷം പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല . അവസാനമായി 2011നാണ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**iv)** ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ മുഴവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2017-18 ൽ സൃഷ്ടിക്കപ്പെട്ട വിവിധ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8, തീയതി 23.10.2018) ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതാണെന്ന മറുപടി ലഭ്യമാക്കി. തെരുവ് വിളക്കുകളുടെ

പോസ്റ്റ് നമ്പർ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

**v)** രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ, ജനറൽ സ്റ്റോക്ക് രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.03.2017 | 1.12.2016 മുതൽ 31.01.2017 വരെ | 05.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2015 | 2010-11 മുതൽ 2014-15 വരെ | 13.08.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

എ) ലോൺ തിരിച്ചടവ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. 2016-17 AFS -B5 ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ തിരിച്ചടക്കാനുള്ള തുക 46,96,013/- രപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 2016-17 വർഷാവസാനം തിരിച്ചടക്കാനുള്ള തുക 24,80,895/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് 2017-18 ലെ രേഖപ്പെടുത്തലുകളിലും വ്യത്യാസം കാണുന്നു . ചെലവ് പത്രിക പരിശോധിച്ചതിൻ പ്രകാരം തൻ വർഷം 4,09,600/- രൂപ വായ്പ തിരിച്ചടച്ചിട്ടുണ്ട്. ( project no19/18)

| ഇ.എം.എസ് | 2016-17 വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | 2017-18 വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| AFS -B5 ഷെഡ്യൂൾ പ്രകാരം | 4696013/- | 2586413/- |
| ലോൺ രജിസ്റ്റർ പ്രകാരം | 2480895/- | 371295/- |

ബി) താഴെ പറയുന്ന ഇനങ്ങളിൽ 2016-17 AFS ലെ ബാലൻസ് ഷീറ്റിലെ തുക 2017-18 AFS ലെ രസീപ്റ്റ്സ് & പേയ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | 2016-17 AFS (B15) | 2017-18 AFS (RP 43) |
|---|---|---|
| Receivables of service cess non residential (arrear) | 22348 | 24624 |
| Receivables profession tax traders (arrear) | 0 | 8100 |

സി) I-1 ഷെഡ്യൂൾ പ്രകാരം profession tax(Employees) ഡിമാന്റ് 11,75,544/- രൂപയും RP 1 പ്രകാരം വരവ് 11,61,794 ആണ്. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ നികുതി 13,750/- സാംഖ്യയിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.

ഡി) 2016-17 AFS ബി 4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ 4,68,500/- ആണ്. 2017-18 ലെ എ.എഫ്.എസ് പ്രകാരം വരവ് തുക (RP31) 3,56,886/- രൂപയും ചെലവ് തുക 45,500/- മാണ്. 2017-18 ലെ എ.എഫ്.എസ് പ്രകാരം ബാലൻസ് തുക ( B4) 7,79,886/- ന് പകരം 4,23,000/- ആയി രേഖപ്പെടുത്തിയിരിക്കുന്നു

ഇ) എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പ്രകാരമുള്ള വരവ് (2072331), ചെലവ് (2075331), എ.എഫ്.എസിലെ വരവ് (2075331), ചെലവ് (2054754) മായി പൊരുത്തപ്പെടുന്നില്ല.

എഫ്) പൈപ്പ് ലൈൻ നീട്ടൽ(എസ്.സി) എന്ന ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക 1,37,000/- (ബിൽ നം 2/27.06.17) യുടെ വിശദാംശങ്ങൾ ബി18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. (വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.)

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ് രൂപീകരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പരിശോധിച്ചതിൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമം പാലിച്ചിട്ടില്ലായെന്ന് കാണുന്നു.

നടപടിക്രമം

| ക്രമ നം | ഇനം | പാലിക്കേണ്ട നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 10.2.17 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 23.3.17 |

| | | | |
|---|---|---|---|
| | | | |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 23.3.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 28.3.17 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 28.3.17 |

ബജറ്റ് രൂപീകരണം.

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.2.17 ലെ IV നമ്പർ തീരുമാന പ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവിധ ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് പ്രപ്പോസൽ (പദ്ധതിചെലവുകൾക്കായും പദ്ധതിയേതര ചെലവുകൾക്കായും) ആവശ്യപ്പെട്ടതിന്റെയും ആയത് സമർപ്പിച്ചതിന്റെയും വിവരങ്ങൾ,പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രപ്പോസൽ തയ്യാറാക്കി സമർപ്പിച്ചതിന്റെ വിവരങ്ങൾ,ബജറ്റ് ചർച്ചക്കായി നോട്ടീസ് നല്കിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വിസിഷൻ -1, ഓഡിറ്റ് എൻക്വയറി -25) വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ടിസ് പരിശോധിച്ചത് പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ല. ആയുർവേദ, ഹോമിയോ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ബജറ്റ് പ്രപ്പോസൽ ലഭിച്ചിട്ടുള്ളതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.3.17 ലെ മിനിട്സിൽ രേഖപ്പെടുത്തലുകൾ ഉണ്ട്.

2017-18 വാർഷിക പദ്ധതി ഭരണസമിതിഅംഗീകരിച്ചത് 27.5.17 ലെ തീരുമാനം നമ്പർ I പ്രകാരമാണ്. 14.3.18 ലാണ് ബജറ്റ് റിവൈസ് ചെയ്തത്. എന്നാൽ 14.3.18 ലെ ബജറ്റ് റിവിഷന് മുൻപ് ബജറ്റിനെ അധികരിച്ച് ചെലവുകൾ വന്നിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് ചട്ടങ്ങൾ ) ചട്ടം 72 പ്രകാരം ബജറ്റിനെ അധികരിച്ചുള്ള ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ റിവൈസ്ഡ് ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതുണ്ട്.എന്നാൽ പ്രസ്തുത ചട്ടം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല

ഉദാ-

| ഹെഡ് നമ്പർ | ഇനം | വകയിരുത്തിയതുക | 14.3.18 മുൻപ് ചെലവാക്കിയ തുക |
|---|---|---|---|
| 2101002 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ–കൂലി | 500000 | 520668(3.4.17 മുതൽ 1.3.18 വരെ വിവിധ തീയതികളിലായി മാറിയ തുകകൾ) |
| 2206001 | പരസ്യവും പ്രചാരണവും | 125000 | 232380(19.4.17മുതൽ 15.2.18 വരെ വിവിധ തീയതികളിലായി മാറിയ തുകകൾ) |
| 2205201 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 10000 | 106640 (21700714/12.12.17-106200/- & 21700153/30.5.17-440/-) |

ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല

2017-18 വാർഷിക ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാത്തതായി കാണുന്നു.

ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാതെ പദ്ധതി ഉപേക്ഷിച്ചതും റിവൈസ്ഡ് ബജറ്റ് യഥാസമയം പുതുക്കാതിരിക്കുകയും ചെയ്തത് കാരണം ടി തുക മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമാണുണ്ടായിട്ടുള്ളത്.

ഉദാ-

| ഹെഡ് നം- | പദ്ധതി | 2017-18 ബജറ്റിൽ വകയിരുത്തിയ തുക (റിവൈസ് ചെയ്യുന്നതിന് മുൻപുള്ള ബജറ്റ്) |
|---|---|---|
| 2501004 | കൃഷിയും- അനുബന്ധമേഖലകളും-നെൽകൃഷി | 300000 |
| 2501012 | കൃഷിയും- അനുബന്ധമേഖലകളും-വാഴ കൃഷി | 500000 |
| 2501035 | മൃഗസംരക്ഷണം-മുട്ടക്കോഴി-താറാവ് വളർത്തൽ | 400000 |

യഥാവിധി ബജറ്റ് തയ്യാറാക്കാത്തതിനാൽ വിവിധ പ്രവൃത്തികൾക്കായി ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുകയോ. ബജറ്റ് പ്രകാരം നീക്കിവെച്ച തുക ചെലവഴിക്കുവാൻ സാധിക്കുകയോ ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷാരംഭത്തിൽ വസ്തുനികുതി ഇനത്തിൽ 55,95,137/- രൂപ ഡിമാന്റ് ചെയ്തിട്ടുള്ളതിൽ 35,35,996/- രൂപ പിരിച്ചെടുത്തിട്ടുണ്ട് (63%). 31.1.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി III(1) തീരുമാനപ്രകാരം വസ്തുനികുതി കുടിശ്ശിക ഈടാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും വസ്തുനികുതി ഇനത്തിൽ 20,59,141/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു.

എ) മൊബൈൽ ടവറുകൾ

ഗ്രാമ പഞ്ചായത്തിലെ 6 മൊബൈൽ ടവറുകളിൽ 2 മൊബൈൽ ടവറുകൾക്ക് 2013-14 മുതൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | മൊബൈൽ ടവർ നം | മൊബൈൽ ടവർ പേര് | ഈടാക്കുവാൻ അവശേഷിക്കുന്ന നികുതി (2013-14 മുതൽ) |
|---|---|---|---|
| 1 | 15/511/A | BSNL | 28915( @5783/-) |
| 2 | 19/33/E | Info Services Limited | 41250(@8250/-) |

ബി) എസ്.എൻ.ഡി.പി വിവാഹമന്ദിരം

കെട്ടിട നമ്പർ 11/486 ൽ സ്ഥിതി ചെയ്യുന്ന എസ്.എൻ.ഡി.പി വിവാഹമന്ദിരത്തിന്റെ നികുതി കുടിശ്ശിക തുക 1,60,868/-(2013-14 മുതൽ 2015-16 വരെ വാർഷിക നികുതി 31,572/- രൂപയും 2016-17 മുതൽ 33,076/- രൂപയും) ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. സ്ഥാപനത്തിന് കത്ത് നൽകിയതിനെ തുടർന്ന് 2018 സെപ്റ്റംബർ 30 നകം തുക ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതായും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും എൻക്വയറി 2 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കേണ്ടതാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, അതിന്റെ കീഴിലുള്ള ` പൊതുഭരണവും ധനകാര്യവും ` വർക്കിംഗ് ഗ്രൂപ്പും വിലയിരുത്തേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകി കുടിശ്ശിക പൂർണമായും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ സഞ്ചയ സോഫ്റ്റ് വെയർ– ഡേറ്റാപ്യൂരിഫിക്കേഷൻ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## **2-3** <u>ഷോപ്പിംഗ് കോംപ്ലക്സിൽനിന്നുള്ള വാടക-പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.</u>

2017-18 വർഷത്തിൽ വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 12 കടമുറികളിൽ 8 കടമുറികളാണ് വാടകക്ക് നൽകിയിരിക്കുന്നത്. ഇതിൽ നിന്നും വാടക ഇനത്തിൽ 15,747/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഇനത്തിൽ 1,629/- (കടമുറി നം 12– july 2017 – march 2018 @ 181/-). രൂപ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ വാടകകരാർ പരിശോധിച്ചത് പ്രകാരം എഗ്രിമെന്റിൽ കടമുറി വിവരങ്ങൾ, വാടക വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷം വാടക കുടിശ്ശിക വരുത്തിയ വാടകക്കാരന് (ഷിബു. എസ്.വി, കടമുറി iv,v) തൻ വർഷവും കടമുറി വാടകക്ക് നൽകിയിട്ടുണ്ട്.

പഞ്ചായത്തിന് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടമുറി നമ്പർ 3,7,8,11 എന്നിവയിൽ നിന്നും വരവൊന്നും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3) മറുപടിയായി മേൽ കടമുറികൾ ഉപയോഗശൂന്യമാണെന്നും ലേലത്തിൽ പോകാത്തതിനാലുമാണ് വരവ് ലഭിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് കടമുറികളുടെ വാടകയായി നിശ്ചയിച്ചിരിക്കുന്നത് പ്രതിമാസം 181 രൂപയാണ്. മുൻ വർഷത്തെ വാടകയിൽ 5 ശതമാനം വർദ്ധനവ് വരുത്തിയാണ് കടമുറികൾ വാടകക്ക് നൽകുന്നത്. വാടക ഇനത്തിലെ വരവ് വർദ്ധിപ്പിക്കുന്നതിനും വാടക നിരക്കിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല.തൻ വർഷം പ്രോജക്ട് നമ്പർ 225/18 പ്രകാരം തനത് ഫണ്ടിൽ നിന്നും ഏകദേശം 3ലക്ഷം രൂപ ചെലവഴിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നവീകരിച്ചിട്ടുണ്ട്. വാടകയിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തേണ്ടതും പുനർലേലം അടക്കമുള്ള നടപടികളുടെ സാധ്യത പരിശോധിച്ച് തനത്ഫണ്ട് വരവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. വാടകക്കാരുമായി കരാറിലേർപ്പെടേണ്ടതും വാടകകുടിശ്ശിക ഈടാക്കേണ്ടതുമാണ്.

## **2-4** <u>തൊഴിൽ നികുതി -രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കേണ്ടതും നികുതി വരവ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.</u>

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം രജിസ്റ്ററുകൾ സെക്രട്ടറി ആധികാരികമാക്കിയിട്ടില്ല. രജിസ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. കൂടാതെ രജിസ്റ്ററിൽ ഇടവിട്ടുള്ള ചില

പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. (ഉദാ -പേജ് നം 35 മുതൽ 38 വരെ, 45 മുതൽ 46 വരെ, 53,55).

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 18 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തൊഴിലുടമകളോട് അവിടത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാവുന്നതാണ്. പഞ്ചായത്തിൽ 10 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഉദാ-

ശിവ ആയുർവേദിക് സെന്റർ,കോവളം
ഗുരുപ്രകാശ് ഹോസ്പിറ്റൽ,കോവളം
ഹരിത ആയുർവേദിക് സെന്റർ,കോവളം
ഗ്രാന്റ് സ്പാ ആയുർവേദിക്സ്,
കാരുണ്യ പോളിക്ലിനിക്,പെരിങ്ങമ്മല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ്, പെരിങ്ങമ്മല | രണ്ടാം അർദ്ധവർഷം |
| 2 | കോട്ടേജ് ഇൻഡസ്ട്രീസ് കോവളം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | മുത്തൂറ്റ് മെർക്കെന്റയിൽ ഗ്രൂപ്പ് .വെങ്ങാനൂർ | ഒന്നും രണ്ടും അർദ്ധവർഷം |

ബി ) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ്, പെരിങ്ങമ്മല | രണ്ടാം അർദ്ധവർഷം |
| 2 | കോട്ടേജ് ഇൻഡസ്ട്രീസ് കോവളം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | കെ.എസ്.ബി.സി , കോവളം | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | 66 kv Substation നെല്ലിവിള | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | ഓവർസിയേഴ്സ് ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | Pre metric hostel , വെങ്ങാനൂർ | ഒന്നും രണ്ടും അർദ്ധവർഷം |

തൊഴിൽ നികുതി ഇനത്തിലെ വരവ് ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ കീഴിലെ വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12നുള്ള മറുപടി പൂർണമല്ല.

## 2-5 ഡി& ഒ ലൈസൻസ്- ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് നൽകേണ്ടതാണ്. എന്നാൽ 2017-18 വർഷം പഞ്ചായത്ത് ലൈസൻസ്

നൽകിയ 343 അപേക്ഷകളിൽ 100 എണ്ണം പരിശോധിച്ചത് പ്രകാരം 70 അപേക്ഷകളും 2017 ഏപ്രിൽ 1 ന് ശേഷം ലഭിച്ചിട്ടുള്ളതായി കാണുന്നു.

ഉദാ-

| ക്രമ നമ്പർ | കെട്ടിട നമ്പർ | 2016-17 ലെ ലൈസൻസ് നം | അപേക്ഷിച്ച തീയതി | ലൈസൻസ് നൽകിയ തീയതി |
|---|---|---|---|---|
| 1 | 4/327 A ശിവ ഫർണിച്ചർ | A5 160/4179/ 16-17 | രേഖപ്പെടുത്തിയിട്ടില്ല | 25.9.17 |
| 2 | 8/333 B അനന്തപുരം ടൈൽസ് | A5 317/328/ 16-17 | 18.9.17 | 4.10.17 |
| 3 | 7/262 ആദിത്യ & അമ്പാടി ട്രേഡേഴ്സ് | A5 253/6109/ 2016-17 | 18.9.17 | 4.10.17 |

കൂടാതെ സ്ഥാപനം ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചത് പ്രകാരം വിവിധ വാർഡുകളിലെ 276 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാരംഭത്തിന് ശേഷം ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ, സാമ്പത്തിക വർഷത്തിൽ വ്യാപാരം അവസാനിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12) നുള്ള മറുപടിയായി സാമ്പത്തിക വർഷത്തിന് മുൻപ് വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ താഴെ പറയും പ്രകാരമുള്ള തുക മൂന്ന് വർഷത്തിലേറെയായി തിരികെ നൽകിയിട്ടില്ലാത്തതായി കാണുന്നു. (രസീത് നമ്പർ/തീയതി 11304106993/31.03.14, തുക 75,745/- രൂപ, തുക ഒടുക്കിയ വ്യക്തി ജയകുമാർ.പി) ടി തുക തനത് ഫണ്ടിലേക്ക് വരവുവെയ്ക്കുന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 3 നുള്ള മറുപടിയായി നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. പ്രസ്തുത തുക ഇതുവരെയും ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല. ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 83,660/-രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 33,400/- രൂപയും ഗ്രാമപഞ്ചായത്തിനു

ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 4/17-18 തീയതി 22.10.2018നുള്ള മറുപടി).

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ, പ്രവൃത്തി ബില്ലുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് മേൽ പ്രകാരമുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. 2017-18സാമ്പത്തിക വർഷം 2,38,91990/- രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് ഗ്രാമപഞ്ചായത്ത് നിർവഹിച്ചിട്ടുള്ളത്. അതായത്, കളക്ഷൻ ചാർജ്ജിനത്തിൽ 2,389/- രൂപ തൻവർഷം ലഭിക്കേണ്ടിയിരുന്നു. പ്രവൃത്തി ബില്ലുകളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകയ്ക്ക് കൃത്യമായി കളക്ഷൻ ചാർജ്ജ് ഈടാക്കി തനതു അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വഴിവിളക്ക് പരിപാലനം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം.88/18 | - തെരുവ് വിളക്ക് മെയിന്റനൻസ് |
| അടങ്കൽ | - 5,50,000(തനത് ഫണ്ട്) |
| ചെലവ് | - 34,275/- |

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ വഴിവിളക്ക് പരിപാലിക്കുന്നതിനായി സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി 2017-2018 സാമ്പത്തിക വർഷത്തിൽ ഭാഗികമായി മാത്രമേ നടപ്പിലായുള്ളൂ. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015 നം.ഉത്തരവ് പ്രകാരം, തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി,പോൾ ഒന്നിന് 75/- രൂപ ക്രമത്തിൽ ഒരു ഇലക്ട്രീഷ്യനെയും ലാഡർ ഘടിപ്പിച്ച ഒരു ഓട്ടോറിക്ഷയും 05.01.2018 മുതൽ 04.11.2019 വരെയുള്ള കാലയളവിലേക്ക് കരാർ മുഖേന ഏർപ്പാടാക്കി.പ്രതിദിനം കുറഞ്ഞ ദൂരമായ 50 കി.മീ.ഓടുന്നതിന് 850/- രൂപയും അതിന് ശേഷം അധികമായി ഓടുന്ന ഓരോ കി.മീറ്ററിനും 10/- രൂപയും കൂലിയായി നൽകാൻ വ്യവസ്ഥ ചെയ്ത് സെക്രട്ടറിയുമായി വാഹനയുടമ കരാർ വച്ചിട്ടുണ്ട്. 12.01.18 മുതൽ 31.01.18 വരെ 7 വാർഡുകളിൽ വഴിവിളക്ക് പരിപാലിച്ച വകയിൽ ഇലക്ട്രീഷ്യന് 18975/-ഉം വാഹന ഉടമയ്ക്ക് 15300/-ഉം നൽകി. 01.02.18 മുതൽ 31.03.18 വരെയുള്ള കാലയളവിൽ വിളക്ക് പരിപാലിച്ചിട്ടില്ല. കരാർ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച്, പ്രതിദിനം 25 കി മീ.മുതൽ 35 കി മീ. വരെ മാത്രം ഓടിയ ദിവസങ്ങളിലും (10ദിവസം) 850/- ക്രമത്തിൽ വാഹനത്തിന് തുക നൽകിയിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.01.2018 ലെ 1(8) നമ്പർ തീരുമാനത്തിന് 22.01.2018 ലെ 3(9) നമ്പരായി ജനറൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമുള്ള,

തെരഞ്ഞെടുത്ത വാർഡുകളിൽ നടത്തേണ്ട, പ്രതിമാസ വാർഡ് തല മോണിട്ടറിംഗ് കമ്മിറ്റി കൂടിയിട്ടില്ല. കൂടാതെ, കംപ്ലയിന്റ് രജിസ്റ്റർ,വഴിവിളക്കുകളുടെ പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ ആസ്തി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ കേടായ വിളക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുള്ള രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ചിട്ടില്ല. ഓരോ ട്രിപ്പിന്റെയും തുടക്കത്തിലും അവസാനത്തിലും വാഹനയുടമ പൂരിപ്പിച്ച് സെക്രട്ടറി/നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലോഗ് ഷീറ്റ്(പഞ്ചായത്ത് നൽകുന്നത്) പരിപാലിച്ചിട്ടില്ല. ഇതേ കാരണത്താൽ തന്നെ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതിന്റ പകുതി ദൂരം മാത്രം ഓടിയ ദിവസങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടാതിരിക്കുകയും മുഴുവൻ തുക നൽകുകയും ചെയ്തു.

പദ്ധതി മോണിട്ടറിംഗിലെ അപാകതയ്ക്ക് ഇത് ഉത്തമ ഉദാഹരണമാണ്.

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകൾക്കുവേണ്ടി തയ്യാറാക്കിയ പദ്ധതി 7 വാർഡുകളിൽ മാത്രം നടപ്പിലായി എന്നതിൽ നിന്നും പഞ്ചായത്തിന്റ വികസനവും ജനങ്ങളുടെ ക്ഷേമവുമെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാണ്. 2018-19 സാമ്പത്തിക വർഷം ഇതേ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കി വരുന്നതിനാൽ മേൽ സൂചിപ്പിച്ച അപാകതകൾ ഒഴിവാക്കി പദ്ധതി പൂർത്തികരിക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തനതുഫണ്ടുപയോഗിച്ച് എൽ.സി. ഡി പ്രൊജക്ടർ വാങ്ങി സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക ക്ലബിൽ സ്ഥാപിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | - 137/18 |
| അടങ്കൽ | - 40000/- (തനതുഫണ്ട്) |
| ചെലവ് | - 34490/- |
| ചെക്ക് നമ്പർ | - 0042448/07.02.2018 |
| നിർവ്വഹണം | - സെക്രട്ടറി |

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽവച്ച് നടക്കുന്ന പരിശീലനങ്ങൾക്കും സെമിനാറുകൾക്കും മറ്റ് കാര്യപരിപാടികൾക്കും ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി ഒരു എൽ.സി.ഡി പ്രൊജക്ടർ വാങ്ങുന്നതിനായി 2017-2018 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട്,ഇതിനു വേണ്ടി 34,490/- രൂ. ചെലവഴിച്ച് കോസ്മോൾ പ്രൈവറ്റ് ലിമിറ്റഡ് വഴുതക്കാട് എന്ന സ്ഥാപനത്തിൽ നിന്നും പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഗാരന്റി, വാറന്റി എന്നിവ സംബന്ധിച്ച ഉപാധികൾ ഉൾപ്പെടുത്തി വ്യവസ്ഥാപിതമായരീതിയിൽ മേൽ സ്ഥാപനവുനായി സെക്രട്ടറി കരാർ ഒപ്പുവച്ചിട്ടില്ല. പഞ്ചായത്തിന്റ സ്റ്റോക്ക് രജിസ്റ്റർ/ആസ്തി രജിസ്റ്റർ എന്നിവയിൽ പ്രൊജക്ടർ ഉൾപ്പെടുത്തിയിട്ടുമില്ല. പ്രൊജക്ടർ ലഭിച്ച തീയതി, സ്ഥാപിച്ച സ്ഥലം, സ്ഥാപിച്ച തീയതി, പ്രവർത്തന ചുമതല ആർക്ക് എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ, ഗ്രാമപഞ്ചായത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന മൽസ്യ കർഷക ക്ലബിന്റ യോഗങ്ങൾ, പ്രവർത്തനങ്ങൾ നടക്കുന്ന ഹാളിൽ സ്ഥാപിച്ചിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി (ഓഡിറ്റ് എൻക്വയറി നം.14,21,30). 04.10.2012ൽ സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിൽ രൂപീകരിച്ച മൽസ്യകർഷക ക്ലബ് (നാമഫലകത്തിലുണ്ട്) പ്രവർത്തിക്കുന്ന ഹാൾ ഫിഷറീസ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വാങ്ങിയ പ്രൊജക്ടർ ഫിഷറീസ് വകുപ്പിന്റെ ഹാളിൽ സ്ഥാപിച്ചതിൽ പൊരുത്തക്കേടുള്ളതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്തുമായി ബന്ധപ്പെട്ട സെമിനാറുകൾക്കും പരിശിലനങ്ങൾക്കും മാത്രമാണ് പ്രൊജക്ടർ

ഉപയോഗിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശീലനം, സെമിനാർ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇതിൽനിന്നും പ്രൊജക്ടർ വാങ്ങലിന്റെ ലക്ഷ്യം കണ്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉപകരണത്തിന്റ വാറന്റി ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 24.05.2017ൽ തീരുമാനം നമ്പർ 2 ആയി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടാണെങ്കിലും പദ്ധതി നടത്തിപ്പ് ഉടർ മോണിട്ടറിംഗിന് വിധേയമാക്കുന്നതിൽ ബന്ധപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റി ചുമതല നിറവേറ്റിയില്ല. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ആർജ്ജിക്കുന്ന ആസ്തികൾ നിർദ്ദിഷ്ട ആവശ്യത്തിന് ഉപകരിക്കുന്നുവെന്നും ആസ്തികൾ അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിൽ നിർവ്വഹണഉദ്യോഗസ്ഥനായ സെക്രട്ടറി ചുമതല നിറവേറ്റുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതുണ്ട്.

## 3-3 കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ്, (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം പ്രൈമറി, പ്രീ പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിലെ 173വകുപ്പ്, (1)-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം സർക്കാർ ഹൈ സ്കൂളുകളുടെയും, അവയോടൊപ്പമുളള എൽ. പി., യു.പി. സ്കൂളുകളുടെയും നടത്തിപ്പ് ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ് നൽകപ്പെട്ടിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് 2017-18 സ്പിൽ ഓവർ അംഗീകാരം നേടി 3,73,167/- രൂപ ചെലവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുളള പ്രോജക്ട് നം. 59/18 ഗവ. എച്ച്.എസ്.എസ്. ചാവടിനട (ഗവ. മോഡൽ എച്ച്.എച്ച്.എസ്. വെങ്ങാനൂർ) 2 ടോയ്‌ലറ്റുകളുടെ നിർമ്മാണം എന്ന പദ്ധതി മേൽ വ്യവസ്ഥകൾക്കു വിരുദ്ധമാണ്. പദ്ധതി പ്രകാരം എച്ച്.എസ്. എസ്. ബോയ്സിനായി ഒരു ടോയ്‌ലറ്റ് ബ്ലോക്കും, എൽ. പി. വിഭാഗത്തിനായി ഒരു ടോയ്‌ലറ്റും നിർമ്മിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17-18 തീയതി 25.10.2018 ) സ്കൂളിന്റെ പേര് ചാവടിനട എച്ച്.എസ്.എസ്. എന്നാണെങ്കിലും സ്കൂളിൽ എൽ. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട് എന്നും, എൽ. പി. വിഭാഗത്തിനാണ് ടോയ്ലറ്റ് നിർമ്മിച്ചതെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി സ്വീകാര്യമല്ല. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ വെങ്ങാനൂർ ഗവ. മോഡൽ എച്ച്. എസ്. എസ്. ൽ ആകെ 18 (ആൺ/പെൺ) ടോയ്ലറ്റുകൾ ഉളളതായും, അധിക ടോയ്‌ലറ്റുകളുടെ ആവശ്യമില്ലാത്തതായും രേഖപ്പെടുത്തിയിരിക്കുന്നു.

നിയമവ്യവസ്ഥകൾക്കും, അവസ്ഥാ വിശകലന റിപ്പോർട്ടിനും വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് പദ്ധതി ആസൂത്രണം, മോണിട്ടറിംഗ് എന്നിവയുടെ അപാകതയായി വിലയിരുത്തുന്നു. ബന്ധപ്പെട്ട നിയമങ്ങളും ഉത്തരവുകളും പാലിച്ചു മാത്രം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ടെണ്ടർ സേവിംഗ്സ്

2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഗ്രാമപഞ്ചായത്തിന് 8,94,424/- രൂപ ടെണ്ടർ സേവിംഗ്സ് ലഭിക്കുകയുണ്ടായി. ഇതുപയോഗിച്ച് 4 പുതിയ മരാമത്ത് പ്രവൃത്തികൾ കൂടി നിർവഹിക്കുവാൻ ഗ്രാമ പഞ്ചായത്തിനു സാധിച്ചു.

2017-18 ൽ ഇ ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ തെരഞ്ഞെടുത്ത് നിർവഹണം നടത്തിയ 16 പദ്ധതികളിൽ നിന്നും മാത്രം 8,83,579/- രൂപയുടെ ടെണ്ടർ സേവിംഗ്സാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇ-ടെണ്ടറിലൂടെ പദ്ധതികൾ നിർവഹണം ചെയ്യുന്നതിലൂടെ കാര്യക്ഷമമായ ധനവിനിയോഗവും, മികച്ച സാങ്കേതിക ക്ഷമതയും ഉറപ്പാക്കുവാൻ സാധിക്കും. നിലവിൽ പ്രധാനമായും 5 ലക്ഷം രൂപയിലധികം പദ്ധതി അടങ്കലുള്ള പദ്ധതികൾക്കാണ് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഇടെണ്ടറുകളിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നത് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതും ധനവിനിയോഗം കാര്യക്ഷമമാക്കേണ്ടതുമാണ്. ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 3-5 അനുവദനീയമായതിലും അധിക അളവുകളും, അധിക ചെലവുണ്ടാകുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയും പ്രവൃത്തി നിർവഹിച്ചു- 13367/- രൂപ നിരാകരിക്കുന്നു.

ചീഫ് എഞ്ചിനീയറുടെ 20.01.1994 തീയതിയിലെ ടെക്നിക്കൽ സർക്കുലർ നം. 1/94 പ്രകാരം ഫ്ലോറിംഗിനുള്ള കോൺക്രീറ്റ് 1:4:8 ൽ 75mm കനത്തിലാണ് ചെയ്യേണ്ടത്. ചുവടെചേർക്കുന്ന പ്രവൃത്തികളിൽ ആയതിലും അധികകനത്തിലും, അധിക ഇനങ്ങളും ഉൾപ്പെടുത്തി പ്രവൃത്തി നിർവഹിച്ചിരിക്കുന്നു.

1) നെല്ലിവിള സ്കൂളിൽ സ്റ്റേജ്, പാർക്ക് എന്നിവയുടെ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | :214/18 |
| പ്രോജക്റ്റിന്റെ പേര് | :നെല്ലിവിള സ്കൂളിൽ സ്റ്റേജ്, പാർക്ക് എന്നിവയുടെ നിർമ്മാണം |
| അടങ്കൽ തുക | :400000, മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| ചെലവ് തുക | :359632 |
| ബിൽ നം., തീയതി | :Sl no. 60 . construction of stage, park and maintenance nellivila 8.2.18 |
| എം ബുക്ക് നം | :169/17-18 |
| കരാറുകാരൻ | :ബാബു കെ. |

.

| ഇനം | ചെയ്ത അളവ് | നിരക്ക് | അനുവദിച്ച തുക | എം ബുക്ക് പേജ് നം |
|---|---|---|---|---|
| ഇനം 8 – 4.1.8 providing and laying in position cement concrete of specified grade exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | 6.25x4.5x.075 = 2.109<br>(-)1.23x.90x.075 =0.083<br>2.026 $m^3$<br>limited to 1.96 $m^3$ | 6761.11/$m^3$ | 13251.78 | 10, 27, 28 |

| | | | | |
|---|---|---|---|---|
| ഇനം 7- 4.1.4 providing and laying in position cement concrete of specified grade exclusidng the cost of centering and shuttering – All work up to plinth level 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 40 nominal size) | 6.25x4.5x.05=1.406<br>(-)1.23x.80x.05 =0.049<br>1.357 $m^3$<br>limited to 1.310$m^3$ | 8138.5/$m^3$ | 10661.44 | 10, 27 |

ഫ്ലോറിംഗിന് 75 mm കനത്തിൽ 1:4:8 ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്ത ശേഷം 50mm കനത്തിൽ 1:2:4 ചെയ്യുവാനുണ്ടായ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17-18 തീയതി 25.10.2018) "സാധാരണയിൽ നിന്നും വിഭിന്നമായി ചെയ്യേണ്ട മേഖലയായതിനാലാണ് കൂടുതൽ കനത്തിൽ കോൺക്രീറ്റിംഗ് സ്റ്റേജിൽ ചെയ്തത് എന്നും, മതിയായ കനത്തിൽ ഫ്ലോറിംഗ് ചെയ്യാത്ത പക്ഷം ഫ്ലോറിംഗ് പൊട്ടുന്നതിനു ഇടവരും" എന്നും മറുപടി നൽകി. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിലോ അധിക ഇനം ചെയ്യേണ്ടതിന്റെ ആവശ്യകത വിവരിച്ചിട്ടില്ല. കൂടാതെ മേൽക്കൂരയുള്ള പ്രസ്തുത സ്റ്റേജിന് മഴയും വെയിലും ഏൽക്കുവാൻ സാധ്യതയില്ലാതിരുന്നിട്ടും ഇതേ പ്രവൃത്തിയുടെ ഇനം 10 ആയി 20mm കനത്തിൽ സിമന്റ് പ്ലാസ്റ്ററിംഗ് (1:3)ഉം നൽകിയിട്ടുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. എസ്ററിമേറ്റ് റിപ്പോർട്ടിലുൾപ്പെടുത്താതെ നിർവഹിച്ച അധിക ഇനത്തിന്റെ ചെലവ് തുക 10661/- രൂപ നിരാകരിക്കുന്നു.

<u>2) ഗവ. എച്ച്.എസ്.എസ്. ചാവടിനട 2 ടോയ്ലെറ്റുകളുടെ നിർമ്മാണം -</u>

| | |
|---|---|
| പ്രോജക്ട് നം. | :59/18 |
| പ്രോജക്ടിന്റെ പേര് | : ഗവ. എച്ച്.എസ്.എസ്. ചാവടിനട 2 ടോയ്ലെറ്റുകളുടെ നിർമ്മാണം |
| അടങ്കൽ തുക | :471000 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് തുക | :373167 |
| ബിൽ നം., തീയതി | : sl no. 47 Toilet construction for GHSS chavadinada 16.1.18 |
| എം ബുക്ക് നം | :596/17-18 |
| കരാറുകാരൻ | : രാജൻ റ്റി. |

.

| ഇനം | ചെയ്ത അളവ് | അനുവദനീയ മായ അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദനീയ മായ തുക | എം ബുക്ക് പേജ് നം |
|---|---|---|---|---|---|---|
| ഇനം 2 – 4.1.8 providing and laying in position cement concrete | 0.948 $m^3$ (+)<br>0.769$m^3$<br>=1.717$m^3$ | (1.717x.075)/ 0.10 = 1.288<br>(75 mm കനത്തിൽ) | 6308.50/$m^3$ | 10831.69 | 8125.34 | 3,31, 32, 55, 56 |

| | | | | | | |
|---|---|---|---|---|---|---|
| of specified grade exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | (100 mmകനത്തിൽ) | | | | | |

ഇനം 2.75 mm കനത്തിനു പകരം 100mm കനത്തിൽ ചെയ്തതിനാലുണ്ടായ അധിക ചെലവ് = 2706/- രൂപ

മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17-18 തീയതി 25.10.2018) “ടോയ്ലറ്റ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന രണ്ടു സ്ഥലവും മഴക്കാലത്ത് സ്ഥിരമായി വെള്ളം കെട്ടി നിൽക്കുന്ന സ്ഥലമാണെന്നും ടൈൽ 'അപ് ലിഫ്റ്റ്' ചെയ്യുവാൻ ഇടയുള്ളതിനാലാണ് കൂടുതൽ കനത്തിൽ പി.സി.സി. ചെയ്തതെന്നും” മറുപടി നൽകി. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അധിക ഇനം ചെയ്യേണ്ടതിന്റെ ആവശ്യകത വിവരിച്ചിട്ടില്ല. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിലുൾപ്പെടുത്താതെ നിർവഹിച്ച അധിക ഇനത്തിന്റെ ചെലവ് തുക 2706/- രൂപ നിരാകരിക്കുന്നു.

## **3-6** പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വാങ്ങൽ– നടപടികളിൽ ക്രമക്കേട്**-1,16,098/-** രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം/പേര് | - 69/18(എസ്.ഒ) പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വാങ്ങൽ – എസ് സി (യുവജനക്ഷേമം) |
| അടങ്കൽ തുക | - 775000 (പൊതുവിഭാഗം സാധാരണ വിഹിതം - 25001 പൊതുവിഭാഗം എസ്.സി.പി – 749999) |
| ചെലവ് | –767680 (ബിൽ നം 4/28.06.17 – 17681 ബിൽ നം 3/28.06.17 – 749999) |

നിർവഹണഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

2017-18 ൽ സ്പിൽ ഓവർ അംഗീകാരം നേടി നടപ്പാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 32 ലാപ്ടോപ്പുകൾ (Intel Pentium QUAD Core N3710 processor) ടെക്നോവേൾഡ് ഐ.ടി സ്റ്റോർ, തിരുവനന്തപുരം എന്ന

സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

18.02.2017ൽ നല്കിയ ഇ-ടെണ്ടർ പ്രകാരം (window no 2017-DP-110838-1 of www.lsgkerala.gov.in) Laptop –Intel Pentium QUAD core N3710 processor /4GBDDR III RAM 500 GB Hard disk, DVD writer /15.6" HD LED Screen/Windows 10/Camera /WiFi/Carry തുടങ്ങിയ സ്പെസിഫിക്കേഷനുകളോട് കൂടിയ ലാപ്ടോപ്പുകൾക്കാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്.

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോർ പർച്ചേസ് എൽ.എസ്.ജി പ്രോക്യൂർമെന്റ് മാന്വൽ 2013 ൽ ടെണ്ടർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷനുകൾ വളരെ വ്യക്തത ഉള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ടെണ്ടർ നോട്ടീസിൽ ലഭ്യമാക്കേണ്ട ലാപ്ടോപ്പുകളുടെ എണ്ണം, നികുതി ഉൾപ്പെടെയുള്ള നിരക്കാണോ രേഖപ്പെടുത്തേണ്ടത് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആകെ എസ്റ്റിമേറ്റ് തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. എൽ.എസ്.ജി പ്രൊക്യൂർമെന്റ് മാനുവൽ 2013 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ അംഗീകരിക്കേണ്ടത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ, ലാപ്ടോപ്പ് വാങ്ങുന്നതിനായി വാങ്ങൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേർന്നതായോ ടെണ്ടർ അംഗീകരിക്കാനുള്ള ശുപാർശ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല.

3. നാല് ബിഡ്ഡേഴ്സിനും ഇ.എം.ഡി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി നല്കിയെങ്കിലും ഇതിനാധാരമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (സ്റ്റോർ പർച്ചെയ്സ് മാനുവൽ 2013 അധ്യായം 8)

4. ടെണ്ടർ അംഗീകരിക്കപ്പെട്ട സ്ഥാപനവുമായോ, ലാപ് ടോപ്പ് ലഭ്യമാക്കിയ സ്ഥാപനവുമായോ കരാർ വച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക നൽകിയ സെലക്ഷൻ നോട്ടീസ്, വാങ്ങൽ ഉത്തരവുകൾ എന്നിവ സംബന്ധിച്ച രേഖകളും ലഭ്യമായില്ല.

ഇ-ടെണ്ടർ ക്ഷണിച്ചതിൽ ടെക്നോവേൾഡ് ദ ഐ.ടി സ്റ്റോർ, പവർ സി.എം.എസ് ടെക്നോളജി, ഹൈപ്പർടെക് സിസ്റ്റംസ്, സിഗ്മാസൊല്യൂഷൻസ് തുടങ്ങി നാല് സ്ഥാപനങ്ങൾ ഓഫറുകൾ സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ചവിവരങ്ങൾ ചുവടെ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക (ഒരു യൂണിറ്റിന്) | |
|---|---|---|---|
| 1 | ഹൈപ്പർടെക് സിസ്റ്റംസ് | 20362 | L1 |
| 2 | പവർ സി.എം.എസ് ടെക്നോളജി | 22781 | L2 |
| 3 | ടെക്നോവേൾഡ് ദ ഐ ടി സ്റ്റോർ | 23990 | L3 |
| 4 | സിഗ്മാസൊല്യൂഷൻസ് | 24799 | L4 |

22.03.2017 ലെ ഭരണസമിതി യോഗത്തിൽ I(2)-ാം നമ്പർ തീരുമാനത്തിലൂടെ ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത ഹൈപ്പർടെക് സിസ്റ്റംസ് (20362/-) സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും, സ്ഥാപനവുമായി കരാറിലേർപ്പെട്ട് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു.

എന്നാൽ നിർവഹണാധികാരി ടെക്നോവേൾഡ് ദ ഐ.ടി സ്റ്റോറിനാണ് (L3) സാധനം ലഭ്യമാക്കുന്നതിനായി സപ്ലൈ ഓർഡർ നൽകിയത് (തീയതി 25.03.2017). 22.03.2017 ൽ ഭരണസമിതി അംഗീകരിച്ച സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകിയതിനോ, കരാർ സ്ഥാപിച്ചതിനോ, പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട യാതൊരു കത്തിടപാടുകളും ഫയലിൽ ലഭ്യമല്ല.

ഭരണസമിതിയുടെ 05.05.2017 ലെ യോഗമിനിട്സിലെ I(11)-ാം നമ്പർ തീരുമാനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "നിർവഹണ ഉദ്യോഗസ്ഥൻ ആദ്യം ഹൈപ്പർടെക് സിസ്റ്റംസ് (L1) നോടും തുടർന്ന് പവർ സി.എം.എസ് ടെക്നോളജി (L2) നോടും എഗ്രിമെന്റ് വച്ച് സാധനം സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത സാധനത്തിന്റെ ലഭ്യതകുറവിനാലും വില കൂടിയതിനാലും ലാപ്ടോപ്പ് സപ്ലൈ ചെയ്യുവാൻ സാധിക്കുകയില്ലായെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നോവേൾഡ് ദ ഐ.ടി സ്റ്റോറുമായി (L3) കരാർ സ്ഥാപിച്ച് സാധനം സപ്ലൈ ചെയ്യുവാൻ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടി സാധൂകരിച്ച് നൽകി".

മേൽ തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ L1, L2, L3 എന്നീ സ്ഥാപനങ്ങളുമായി നിർവഹണാധികാരി സ്ഥാപിച്ച കരാർ, ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയ സെലക്ഷൻ നോട്ടീസ്, സപ്ലൈ ഓർഡർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിനുള്ള രേഖകൾ, സാധനം സപ്ലൈ ചെയ്യുവാൻ കഴിയികയില്ലായെന്ന് അറിയിച്ചതിനുള്ള രേഖകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/17-18 തീയതി. 27.10.2018) നിർവഹണാധികാരി "പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരമുള്ള സ്പെസിഫിക്കേഷൻ അല്ല L1,L2 ആയിട്ടുള്ള ഹൈപ്പർടെക് സിസ്റ്റവും പവർ സി.എം.സ് ടെക്നോളജിയും സമർപ്പിച്ചിട്ടുള്ളതെന്നും ആയതിനാലാണ് പഞ്ചായത്തിന് ആവശ്യമായ സ്പെസിഫിക്കേഷൻ ഉള്ള ടെക്നോവേൾഡിൽ (L3) നിന്നുള്ള ലാപ്ടോപ്പിന് കരാർ നൽകിയതും" എന്നാണ് മറുപടി ലഭ്യമാക്കിയത്.

പ്രസ്തുത മറുപടി സ്വീകാര്യമല്ല. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടപ്രകാരമല്ലാത്ത ഓഫറുകൾ ടെണ്ടർ തുറന്ന് പരിശോധന നടത്തുന്ന വേളയിൽ തന്നെ നിരസിക്കണമായിരുന്നു. ടെണ്ടറിന് ഭരണസമിതിയുടെ അംഗീകാരം നേടിയശേഷവും സ്പെസിഫിക്കേഷനിൽ വന്ന വ്യത്യാസം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. കുറഞ്ഞ ടെണ്ടർ ലഭ്യമാക്കിയ രണ്ടു സ്ഥാപനങ്ങളുമായി കരാർ വച്ച് സപ്ലൈ ഓർഡർ നൽകിയിട്ടും സാധനം ലഭ്യമാകാത്തതിനാലാണ് L3 യിൽ നിന്നും വാങ്ങൽ നടത്തിയത് എന്നാണ് ഭരണസമിതിയെ ബോധിപ്പിച്ചിട്ടുളളത്. സ്ഥാപനങ്ങളുമായി സ്ഥാപിച്ച കരാർ, ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയ സെലക്ഷൻ നോട്ടീസ്, സപ്ലൈ ഓർഡർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിനുള്ള രേഖകൾ എന്നിവയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. മറുപടി പ്രകാരം ലഭ്യമാക്കിയ L1 ന്റെ BoQ ൽ 'Linux Operating System' – 21,380/- രൂപയ്ക്കാണ് ഓഫർ ചെയ്തിരിക്കുന്നത്; ഇവ ഭരണസമിതി പരിഗണിച്ച മേൽ പട്ടിക പ്രകാരമുള്ള ടെണ്ടറുകളുമായി പൊരുത്തപ്പെടുന്നില്ല.

ജി.ഒ(എം.എസ്)259/2010/തസ്വഭവ 08.11.2010 പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം കരാർ വച്ചശേഷം കരാറിൽ നിന്ന് പിന്മാറിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടേണ്ടതും സ്ഥാപനത്തിനുണ്ടായ നഷ്ടം

ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്ത ബിഡറുമായി ഇതേ നിരക്കിൽ സാധനം സപ്ലൈ ചെയ്യുവാൻ നെഗോഷിയേറ്റ് ചെയ്യേണ്ടതും , അല്ലാത്ത പക്ഷം റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

കൂടിയ നിരക്ക് ക്വാട്ട് ചെയ്തിരുന്ന ടെക്നോവേൾഡ് ദ ഐ.ടി സ്റ്റോർ(L3) യിൽ നിന്നും ലാപ്ടോപ്പ് വാങ്ങിയതുകാരണം പഞ്ചായത്തിന് താഴെ കൊടുക്കും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക (ഒരു യൂണിറ്റിന്) (രൂപ) | 32 എണ്ണത്തിന്റെ വില(രൂപ) | $നികുതി (വാറ്റ് 5%). | ആകെ |
|---|---|---|---|---|
| ഹൈപ്പർടെക് സിസ്റ്റംസ്(L1) | 20362 നികുതി ഉൾപ്പെടെ ($) | 651584 | | 651584 |
| ടെക്നോവേൾഡ് ദ ഐ.ടി സ്റ്റോർ(L3) | 22847.61 (സപ്ലൈ ചെയ്തത്) | 731126 | 36556 | 767682 |
| അധിക ചെലവ് | 767682-651584 = | | | 116098 |

($ സ്റ്റോർ പർച്ചേസ് എൽ.എസ്.ജി പ്രോക്യൂർമെന്റ് മാന്വൽ 2013പ്രകാരം ടെണ്ടർ ക്ഷണിക്കുമ്പോൾ സാധനത്തിന്റെ യഥാർത്ഥ വിലയോടൊപ്പം നികുതി ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാത്ത പക്ഷം നികുതികൾ ഉൾപ്പെട്ടതായി കണക്കാക്കേണ്ടതാണ്.)

27.06.2017 ലെ TW/8B/105/15-16 നം ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് ടെക്നോവേൾഡിന് തുക അനുവദിച്ചിരിക്കുന്നത്. കാഷ് ബിൽ ഹാജരാക്കേണ്ടതാണ്. മേൽ അപാകതകളുടെ വെളിച്ചത്തിൽ 1,16,098/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവർ പരിശോധന നടത്തേണ്ടതും, വാങ്ങലുമായി ബന്ധപ്പെട്ട് നിർവഹണാധികാരി സ്വീകരിച്ച നടപടികളിൽ കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. ഭരണസമിതിയുടെ തീരുമാനം, തീരുമാനത്തെ സാധൂകരിക്കുന്ന മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ എന്നിവ രണ്ടു മാസത്തിനകം ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം ആയത് നിർവഹണാധികാരിയുടെ ബാധ്യതയായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 പത്താം തരം തുല്യതാ പരീക്ഷ- വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല- 25900/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | - | 182/2018 (പത്താതരം തുല്യത പരീക്ഷാഫീസ് ഒടുക്കൽ) |
| നിർവഹണം | - | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | - | 30000 ( വികസന ഫണ്ട്(പൊതുവിഭാഗം)-5000 തനത് ഫണ്ട് 20900) |
| ചെലവ് | - | 25900 ( ബിൽ നം 20/28.03.2018 -20900/- ചെക്ക് നം 6719699/28.03.2018) |

തിരുവനന്തപുരം ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുടെ 27.10.2017ലെ എ6-2916/16/

കേ.സം.സാ.മി.അ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 7പേരുടെ 10- ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 12250/- (7x1750) രൂപയും പ്ലസ് 1 തുല്യതാ കോഴ്സിനുള്ള ഫീസായ 13650(7x1950) രൂപയും ഉൾപ്പെടെ 25,900/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പഠിതാക്കളുടെ രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ,പരിശീലന ക്ളാസ്സുകളുടെ വിവരങ്ങൾ ,പരീക്ഷ എഴുതിയതിന്റെ രേഖകൾ , തുല്യത പരീക്ഷ പാസായതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. 21.08.2017 ലെ 13(1)-ാം നമ്പർ തീരുമാന പ്രകാരം 4 ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട് . എന്നാൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 28/26.10.2018) ആനുകൂല്യം ലഭ്യമായിട്ടുള്ളവർ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.രേഖകളുടെ അഭാവത്തിൽ സാക്ഷരതാ മിഷനു കൈമാറിയ 25,900/-രൂപ തടസ്സപ്പെടുത്തുന്നു.

പത്താം തരം തുല്യതാ പരീക്ഷ എന്ന പ്രോജക്ടിൽ വകയിരുത്തിയിരുന്ന തുക പ്ലസ് 1 തുല്യതാപരീക്ഷയ്ക്കു വേണ്ടിയും ചെലവഴിച്ചിരിക്കുന്നു. മതിയായ രേഖകൾ പരിശോധിക്കാതെയും മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിലുമാണ് തുക കൈമാറിയിരിക്കുന്നത്. മുഴുവൻ രേഖകളും ഹാജരാക്കിയും അപാകതകൾക്ക് വിശദീകരണം നൽകിയും തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-8 നിക്ഷേപ പ്രവർത്തി- (കേരള വാട്ടർ അതോറിറ്റി)- അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം | – | എസ്.ഒ71/18( പൈപ്പ് ലൈൻ നീട്ടൽ (എസ്.സി) |
| അടങ്കൽ | - | 137600( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | - | 137000 |
| നിർവഹണാധികാരി | - | അസിസ്റ്റന്റ് സെക്രട്ടറി ( ബിൽ നം 2/7.06.17, അക്കൗണ്ട് നം 67357291097, എസ്.ബി.ഐ) |

1.പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല- തുക 1,37,000/- തടസ്സപ്പെടുത്തുന്നു

മേൽ പ്രോജക്ടിനായി 1,37,000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. സംയുക്ത കരാർ, പ്രോജക്ട് പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ ലഭ്യമായിയിട്ടില്ല. ആയവ ലഭ്യമാക്കി 1,37,000/- രൂപയുടെ ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണ്.

2. വാർഷിക ധനകാര്യപത്രികയിൽ മതിയായ രേഖപ്പെടുത്തലുകളില്ല.

വാർഷിക ധനകാര്യപത്രികയിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയ വിവരം രേഖപ്പെടുത്തിയിട്ടുണ്ട് (RP 47). പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല . എന്നാൽ ബാലൻസ് ഷീറ്റ് ബി18 ഷെഡ്യൂൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ ബാധ്യത സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 വായ്പാ ബന്ധിത പ്രോജക്ടുകൾക്ക് നടപടിക്രമങ്ങൾ പാലിക്കാതെ സബ്സിഡി തുക

## അനുവദിച്ച് നല്കി- വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ അടക്കേണ്ടതാണ്

2017-2018 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥയായി 2 വായ്പാ ബന്ധിത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവഹണ ഉദ്യോഗസ്ഥ | അടങ്കൽ | ചെലവ് | ബിൽ നം | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | 159/18 | സ്വയം തൊഴിലിന് ആസ്തികൾ (വനിത സംഘങ്ങൾ) തേങ്ങ, ചക്ക മൂല്യവർദ്ധിത ഉല്പന്ന നിർമാണ യൂണിറ്റ് | വി.ഇ.ഒ (നോർത്ത്) സർക്കിൾ | (വികസന ഫണ്ട് 5ലക്ഷം മറ്റുള്ളവ 5 ലക്ഷം ആകെ 5,00,000 | 2.5 ലക്ഷം | 10/17-18-28.03.2018 | 406381014010003/ കേരള ഗ്രാമീൺ ബാങ്ക് പെരിങ്ങമല<br>ഗുണഭോക്താവ്-കേരശ്രീ ആക്ടിവിറ്റി ഗ്രൂപ്പ് |
| 2 | 158/18 | സ്വയം തൊഴിലിന് ആസ്തികൾ (വനിത സംഘങ്ങൾ) കാറ്ററിംഗ് യൂണിറ്റ് | വി.ഇ.ഒ (വെസ്റ്റ്) സർക്കിൾ | വികസന ഫണ്ട് 5 ലക്ഷം<br>മറ്റുള്ളവ 5 ലക്ഷം ആകെ 5,00,000 | 5 ലക്ഷം | 16/18-28.03.18 (2.5ലക്ഷം)<br>12/18-28.02.2018 (2.5ലക്ഷം) | 406381014010003/ കേരളഗ്രാമീൺ ബാങ്ക് പെരിങ്ങമല<br>ഗുണഭോക്താവ്-ലയ കാറ്ററിംഗ് യൂണിറ്റ്<br>ഓർഗാനിക് കാറ്ററിംഗ് യൂണിറ്റ് |

സ്വയം തൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ള മേൽ പ്രോജക്ടുകൾ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ബാങ്കിൽ നിന്ന് വായ്പയെടുക്കുമ്പോൾ, ഓരോ ഗ്രൂപ്പിനും 2.5 ലക്ഷം രൂപ സബ്സിഡിയിനത്തിൽ (ബാക്ക് എൻഡ്) നൽകാൻ ലക്ഷ്യമിട്ടിരുന്നു. ഇതിനായി മേൽപട്ടികയിൽ കൊടുത്ത പ്രകാരം 7.5 ലക്ഷം രൂപ പിൻവലിച്ച് കേരള ഗ്രാമീൺ ബാങ്കിന് നൽകി.

<u>പ്രോജക്ടുകളുടെ നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.</u>

(i) ജി.ഒ (എം.എസ്)80/17 ത.സ്വ.ഭ.വ തിയതി 03.04.2017 ഖണ്ഡിക 8.7(2 ബി) പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾ വായ്പാ ബന്ധിതമായിരിക്കേണ്ടതും സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകേണ്ടതുമാണ്. ബാങ്ക് വായ്പ അനുമതി ലഭിച്ചതിനുശേഷം മാത്രം ബാക്ക് എൻഡഡ് സബ്സിഡിയായാണ് തുക ബാങ്ക് അക്കൌണ്ടിലേയ്ക്ക് നല്കേണ്ടതെന്നിരിക്കെ അതിനു മുൻപുതന്നെ 7.5 ലക്ഷം രൂപ വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച് കേരള ഗ്രാമീൺ ബാങ്ക് അക്കൌണ്ടിലേയ്ക്ക് നല്കുകയാണ് ചെയ്തിരിക്കുന്നത്.

(ii) സ.ഉ (എം.എസ്) 72/17 ത സ്വ ഭ വ തിയതി 29.03.2017 ഖണ്ഡിക 5.1 പ്രകാരം വായ്പാബന്ധിത പ്രോജക്ടുകളുടെ വായ്പാസാദ്ധ്യതയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ലീഡ് ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തേണ്ടതാണ്. ഇപ്രകാരം നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് വായ്പാബന്ധിത പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത്. എന്നാൽ ബാങ്കുമായി ചർച്ച നടത്തിയതിന്റെയോ കരാർ വച്ചതിന്റെയോ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. (ബാങ്കിന്റെ സാങ്ഷൻ ലെറ്റർ മാത്രമാണ് ഫയലിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്). സബ്സിഡി തുക കൈമാറുന്നതിന് മുൻപ് ഗുണഭോക്തൃ ഗ്രൂപ്പുകളുമായി വി.ഇ.ഒ കരാർ വച്ചിട്ടില്ല.

(iii) സബ്സിഡി തുക അനുവദിച്ചതിന് ശേഷം(മാർച്ച് 2018) നാളിതുവരെ (ഒക്ടോബർ 2018) ബാങ്ക് ഗ്രൂപ്പുകൾക്ക് വായ്പ അനുവദിക്കുകയോ (എൻക്വയറി നം.9/23.10.18,6/23.10.18) നിർമാണ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയോ ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല.

മാനദണ്ഡങ്ങൾ പാലിക്കാതെയും ആവശ്യകത ഉറപ്പാക്കാതെയും പിൻവലിച്ച പദ്ധതി തുക 7.5 ലക്ഷം രൂപയിൽ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 5 ലക്ഷം രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു.

ജി.ഒ(എം.എസ്) 177/2006 തിയതി 12.06.2016 ധന പ്രകാരം (ഖണ്ഡിക 6.1) ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായി നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് മുൻപുതന്നെ 7.5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. (പ്രോജക്റ്റ് നം 158/2018 പ്രകാരം ഒരു യൂണിറ്റിന് ബാങ്ക് വായ്പ അനുവദിച്ചിട്ടുണ്ട്. (2.5 ലക്ഷംരൂപ സബ്സിഡി))

5 ലക്ഷം രൂപയും തുക പിൻവലിച്ച തീയതി (28.03.2018) മുതൽ തിരികെ ട്രഷറിയിൽ ഒടുക്കുന്ന തീയതി വരെ ബാങ്കിൽ നിന്നും ലഭ്യമാകുന്ന പലിശയും ചേർത്ത് തിരിക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ 5 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-10 മെഡിക്കൽ ഓഫീസർ,ആയുർവ്വേദം വിവിധ സമിതികളിൽ തീരുമാനമെടുക്കാതെ പ്രോജക്റ്റുകൾ നടപ്പാക്കി

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വിവിധ ജനകീയസമിതികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്.എന്നാൽ ആയുർവ്വേദമെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പലപദ്ധതികളിലും സമിതികളുടെ തീരുമാനമുണ്ടാകാത്ത പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

എ) വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമെടുത്തിട്ടില്ല.

ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ,ഓരോ സ്ററാൻഡിംഗ് കമ്മിററിയും വർക്കിംഗ് ഗ്രൂപ്പുകളെക്കൊണ്ട് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. ഓരോ പ്രോജക്റ്റിന്റെയും യുക്തിക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ചചെയ്ത് ഉറപ്പുവരുത്തണം. എന്നാൽ മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണം നടത്തിയ ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ, കുട്ടികളുടെ ആരോഗ്യ സംരക്ഷണം എന്നീ പ്രോജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമെടുക്കാതെ നടപ്പാക്കി.

ബി) ആരോഗ്യ-വിദ്യാഭ്യാസ സ്ററാൻഡിംഗ് കമ്മിററിയിൽ തീരുമാനമെടുത്തിട്ടില്ല.

പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ

പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്ററാൻഡിംഗ് കമ്മിററിയും നല്കേണ്ടതുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ പ്രോജക്ടും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററി അംഗീകരിക്കണം. സ്ററാൻഡിംഗ് കമ്മിററിയുടെ പ്രോജക്ട് അംഗീകാര തീരുമാനനമ്പർ, തീയതി എന്നിവ പ്രോജക്ട് രേഖയിൽ ഉൾപ്പെടുത്തി സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺ ഒപ്പുവയ്ക്കണം. എന്നാൽ വൃദ്ധജനസംരക്ഷണം, കുട്ടികൾക്ക് യോഗപരിശീലന പരിപാടി എന്നീ പ്രോജക്ടുകൾ സ്ററാൻഡിംഗ് കമ്മിറ്റിയിൽ തീരുമാനമെടുക്കാതെ മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നടപ്പാക്കി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ലഭ്യമായ മറുപടിയിൽ സമിതികൾ തീരുമാനമെടുത്തതാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഭാവിയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നത് ബന്ധപ്പെട്ട സമിതികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ജീവിതശൈലീരോഗനിയന്ത്രണം-പദ്ധതിലക്ഷ്യംകണ്ടില്ല

| | |
|---|---|
| പ്രോജക്ട്നമ്പർ | - 177/2018 |
| പ്രോജക്ടിന്റെപേര് | - ജീവിതശൈലീരോഗ നിയന്ത്രണ പരിപാടി |
| നിർവഹണ ഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ, CHC |
| അടങ്കൽ തുക | - 3,00,000/- |
| ചെലവ് തുക | - 2,03,823/- |

ജീവിതശൈലീരോഗങ്ങൾ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ ആയത് നിയന്ത്രിക്കുകയെന്ന ലക്ഷ്യവുമായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്തിലെ എല്ലാ യു.പി,എച്ച്.എസ്,എച്ച്.എസ്.എസ് സ്കൂളുകളിലും അവബോധക്ലാസ്സുകൾ നടത്താനും എല്ലാ വാർഡുകളിലും ക്യാമ്പ് നടത്താനുമാണ് 21.12.2017-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തീരുമാനിച്ചിരുന്നത്. തുക വകയിരുത്തിയിട്ടുള്ളത് താഴെപറയുന്ന ഇനങ്ങൾക്കാണ്.

| | | |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | - | 10000/- |
| സ്ക്രീനിംഗ് | - | 10000/- |
| മൊബിലിറ്റി സപ്പോർട്ട്&ഓണറേറിയം | - | 100000/- |
| ആകെ | - | 300000/- |

എന്നാൽ എൽ.സി.ഡി പ്രൊജക്ടർ,ലാപ് ടോപ്പ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങാനാണ് തുക വിനിയോഗിച്ചിരിക്കുന്നത്. ആയത് പദ്ധതിലക്ഷ്യത്തിന് കടകവിരുദ്ധമാണ്. പദ്ധതി നടപ്പിലാക്കുന്നത് ശരിയായ ദിശയിലാണെന്ന് ഉറപ്പാക്കുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു.

## 3-12 പാലിയേറ്റീവ്കെയർ–ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട്നമ്പർ | - 131/1 |
| പ്രോജക്ടിന്റെപേര് | - പാലിയേറ്റീവ്കെയർ |
| നിർവഹണഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| അടങ്കൽ തുക | - 10,00,000/- |
| ചെലവ്തുക | - 9,62,140/- |
| ബിൽ നം | - 10/17-18 |

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്കു പുസ്തകത്തിൽ പാലിയേറ്റീവ്കെയർ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതും ചെലവ് രേഖകൾ സൂക്ഷ്മമായി പരിപാലിക്കേണ്ടതുമാണ്. എന്നാൽ ബിൽ നം.10/17-18 പ്രകാരമുള്ള 1,68,910/-രൂപയിൽ 30,000/- രൂപ ചെലവ് ചെയ്തതിൻെറ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ചെലവ് രേഖ ഹാജരാക്കുന്നതുവരെ 30,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-13 നോൺ അവൈബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങി

| | |
|---|---|
| പ്രോജക്ട്നമ്പർ | -100/2018 |
| അടങ്കൽ തുക | -100000/- |
| ചെലവ്തുക | -100000/- |
| നിർവഹണഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ ആരോഗ്യസ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിൻെറ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണ്. എന്നാൽ മരുന്നു വാങ്ങുന്നതിന് മുമ്പ് ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. (ജി.ഒ.(എം.എസ്)4/2016 ത.സ്വ.ഭ.വ,തിയതി 11.01.2016) എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നോൺ അവൈബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5 ന് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഇതുസംബന്ധിച്ച് അപേക്ഷ നൽകിയിരുന്നതായും സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാകാത്തതിനാലാണ് പ്രോജക്ട് ഫയലിൽ ചേർക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-14 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി – അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പദ്ധതികൾ അംഗീകരിച്ചുവെങ്കിലും 280 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (തോട്, കുളം, കനാൽ എന്നിവയുടെ നവീകരണം, വൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ), വ്യക്തിഗത ആസ്തികളുടെ നിർമാണം (കക്കൂസ്, കിണർ, ഫാംപോണ്ട്, കോഴിക്കൂട്, പശുതൊഴുത്ത് എന്നിവയുടെ നിർമാണം, ഭവനപദ്ധതികളിൽ അവിദഗ്ധ തൊഴിൽ ദിനങ്ങൾ, ഭൂവികസന പ്രവൃത്തികൾ), ഗ്രാമീണ

അടിസ്ഥാന സൗകര്യങ്ങൾ (റോഡുകളുടെ നിർമാണം) എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ 5569 പേർക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 1487 കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുത്തത്. 19 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടുള്ളത്.

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിഷ്കർഷിക്കുന്ന പ്രകാരം വേതനത്തിനാനുപാതികമായി ആസ്തികൾ സൃഷ്ടിക്കുന്നുവെന്ന് ഉറപ്പ് വരുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

## 3-15 ആശ്രയ- പ്രവർത്തന വിലയിരുത്തൽ

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്.)നം.71/2003/പ്ലാനിംഗ് /12.11.2003 നമ്പർ ഉത്തരവ് അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ.(എം.എസ്.)362/2013 /ത.സ്വഭ.വ., തീ.16.11.2013 പ്രകാരം അയൽ കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം എന്നീ അതിജീവനാവശ്യങ്ങളും, കിടപ്പാടം, കുടിവെള്ളം, ശൗചാലയം എന്നീ അടിസ്ഥാന ആവശ്യങ്ങളും, തൊഴിൽ പരിശീലനം, വ്യക്തിത്വ വികസനം തുടങ്ങിയ വികസനാവശ്യങ്ങളും, സമൂഹവുമായി ഇടപഴകുന്നതിന് ആത്മബലം നൽകുന്നതിനാവശ്യമായ കൗൺസലിംഗ് മറ്റ് പരിശീലനങ്ങൾ ഉൾപ്പടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.

ഗ്രാമപ്പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ നിലവിലുള്ള ആക്ഷൻ പ്ലാൻ പ്രകാരം ആകെ 113 പേർ ഗുണഭോക്താക്കളായുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി തൻവർഷം വികസന ഫണ്ടിൽനിന്നും 3,85,800/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഭക്ഷണകിറ്റ് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. തൻവർഷം 7,80,975/- രൂപയാണ് മിച്ചതുകയായി (as on 31/03/2018) ബാങ്ക് അക്കൗണ്ടിൽ ഉള്ളത് .

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിട്ടറിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ്. അംഗം, രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവരായിരിക്കണം മോണിട്ടറിംഗ് സമിതി അംഗങ്ങൾ. മോണിട്ടറിംഗ് കാര്യക്ഷമമാക്കി പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഗുണഭോക്തൃസമിതി മാർഗരേഖ- മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശവും (സ.ഉ(എം.എസ്)80/ത.സ്വ.ഭ.വ തീ.3.4.2017 ) പ്രകാരം മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഓരോ വാർഡിലെയും ഗ്രാമസഭ തയ്യാറാക്കി ആവശ്യമായ പരിശോധന പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തയ്യാറാക്കേണ്ടതും കരട് പട്ടിക പരസ്യപ്പെടുത്തേണ്ടതും പരാതികളുണ്ടെങ്കിൽ ചർച്ച ചെയ്ത് പരിഹരിച്ചതിനു ശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ 2017-18ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റുകൾ മേൽ ചൂണ്ടിക്കാട്ടിയ നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയവയല്ല. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമസഭ ഗുണഭോക്തൃലിസ്റ്റിൽ എല്ലാ വാർഡുകളിൽ നിന്നും അർഹതമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തുല്യപ്രാധാന്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിർവഹണഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് 21.08.2017 ൽ കൂടിയ പഞ്ചായത്ത് ജനറൽ കമ്മിറ്റി ഏകകണ്ഠേന തീരുമാനിച്ചിരിക്കുന്നു. ഇത് പൂർണമായും സർക്കാരിന്റെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ഈ വിഷയം ചൂണ്ടിക്കാട്ടി 26.10.2018ൽ (നം. 22/18) നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "ജനകീയാസൂത്രണ പദ്ധതി പ്രകാരം വ്യക്തിഗത ആനുകൂല്യത്തിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭ യോഗം ചേർന്നാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ലിസ്റ്റ് മുൻഗണന ക്രമത്തിൽ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് കമ്മിറ്റി യോഗത്തിന് നല്കുകയും ആയത് കരടായി പ്രസിദ്ധീകരിക്കുകയും തുടർന്നാണ് പഞ്ചായത്ത് കമ്മിറ്റി 21.08.2017ൽ പ്രസ്തുത ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും. ഈ നടപടിക്രമം പാലിച്ചുകൊണ്ടാണ് ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതും". എന്നാൽ മറുപടി സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല.

മാനദണ്ഡങ്ങൾ പൂർണമായും പാലിക്കാതെയുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നിർവഹണത്തിൽ ഗുണഭോക്താക്കളുടെ കുറവ് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാനാകാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ അടുത്ത പദ്ധതി വർഷങ്ങളിൽ ഭരണ സമിതി ജാഗ്രത പുലർത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പാലിന് സബ്സിഡി | 500000 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 212000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 212000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 8174541 | 0 | 8174541 |
| 2 | കേരള വാട്ടർ അതോറിറ്റി | ലൈൻ എക്സ്റ്റൻഷൻ | 10758042 | 0 | 10758042 |
| 3 | കോസ്റ്റ് ഫോർഡ് | ലൈൻ എക്സ്റ്റൻഷൻ | 6445200 | 0 | 6445200 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(കൈ) നം.831/2010 ത.സ്വ.ഭ.വ തീയതി 11.03.2010 | 21096000 | 2480895 | 2109600 | - | 371295 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 105660977.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 95836679.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13367.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 808998.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.5.1 | | 10661 | ശ്രീ. രാജേഷ് സി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.5.2 | | 2706 | ശ്രീ. രാജേഷ് സി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 116098 | എ. റഹ്മത്തുള്ള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 30000 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-7 | 25900 | എ. റഹ്മത്തുള്ള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8(1) | 137000 | എ. റഹ്മത്തുള്ള, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 250000 | സ്മിത, വി.ഇ.ഒ.(നോർത്ത്) |
| | 250000 | റീന, വി.ഇ.ഒ.(വെസ്റ്റ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ് സി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് | രേവതി ഹൗസ് കൊടുങ്ങാനൂർ.പി.ഒ, കലശേഖരം |

| | | |
|---|---|---|
| എ. റഹ്മത്തുള്ള, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് | ടി.സി. -45/634(1), ബീമാപ്പള്ളി, വള്ളക്കടവ് പി.ഒ. |
| സ്മിത, വി.ഇ.ഒ. (നോർത്ത്) | വി.ഇ.ഒ.(നോർത്ത്), വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് | ഉഷാരം, നന്ദംകുഴി, കട്ടച്ചൽക്കുഴി. പി.ഒ. |
| റീന, വി.ഇ.ഒ. (വെസ്റ്റ്) | വി.ഇ.ഒ.(വെസ്റ്റ്), വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് | തകിടിയിൽ പുത്തൻവീട്, കോട്ടുകാൽ, പയറ്റുവിള പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1412/2018 തീയതി.08.06.2018 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1412/2018 തീയതി.08.06.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1412/2018 തീയതി.08.06.2018 | 3 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1412/2018 തീയതി.08.06.2018 | 5 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1412/2018 തീയതി.08.06.2018 | 1 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1412/2018 തീയതി.08.06.2018 | 1 | |
| 2010-11 & 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/170/2014 തീയതി.11.02.2014 | 15 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.3/1064/2014 തീയതി.04.04.2014 | 20 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/673/2015 തീയതി.05.08.2015 | 17 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/79/2016 തീയതി.04.02.2016 | 39 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2015/2016 തീയതി.24.11.2016 | 19 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

***edited BL***

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.